പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.631 02.11.2016 - ലെ മറുപടിക്ക്

ചോദ്യം

ശ്രീ. പി. ഉബൈദുള്ള
ശ്രീ. എൻ.എ. നെല്ലിക്കുന്ന്
ശ്രീ. സി. മമ്മൂട്ടി
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

മുഖ്യമന്ത്രിയുടെ ധനകാര്യ ഉപദേഷ്ടാവിന്റെ സേവനം

| | | |
|---|---|---|
| (എ) | സംസ്ഥാന ധനകാര്യ വകുപ്പിലെ ഏതെങ്കിലും വിഷയത്തിൽ മുഖ്യമന്ത്രിയുടെ ധനകാര്യ ഉപദേഷ്ടാവിന്റെ സഹായമോ ഉപദേശമോ എപ്പോഴെങ്കിലും ആവശ്യമായി വരുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | ആഗോള സാമ്പത്തിക രംഗം ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുകയാണ്. തത്ഫലമായി കേരള സമ്പദ് ഘടനയിൽ ഉളവാകുന്ന ചലനങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുവാനോ സംസ്ഥാനത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുവാനോ ഉതകുന്ന തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ/ ഉപദേശങ്ങൾ ആവശ്യമായ ഘട്ടത്തിൽ സംസ്ഥാനത്തിന് തേടുന്നതിനുവേണ്ടി യാണ് 18.07.2016 ലെ സ.ഉ.(ആർ.റ്റി.) നം. 4612/2016/പൊ.ഭ.വ. എന്ന സർക്കാർ ഉത്തരവിലൂടെ അന്താരാഷ്ട്ര പ്രശസ്തിയാർജിച്ച സാമ്പത്തികകാര്യ വിദഗ്ധയെ മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായി നിയമിച്ചിട്ടുള്ളത്.<br><br>കാർഷിക വളർച്ച മന്ദീഭവിക്കുകയും, പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകുകയും, പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുകയും, വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കുകയും, പൊതു ആരോഗ്യ സംവിധാനം ദുർബലപ്പെടുകയും ചെയ്തിട്ടുള്ള അത്യന്തം ഗുരുതരമായ ഒരു ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്.പ്രസ്തുത സവിശേഷ സാഹചര്യത്തിൽ ഉയർന്നുവരുന്ന പുതിയ വളർച്ചാ മേഖലകളെയും അടിസ്ഥാന സൗകര്യത്തെയും കേന്ദ്രീകരിച്ചുള്ള സമ്പദ് വ്യവസ്ഥയുടെ |
| (ബി) | സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ, ഉപദേഷ്ടാവിന്റെ സഹായത്താൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | |

| | | |
|---|---|---|
| | | പുനഃക്രമീകരണത്തിലൂടെയും, പാവപ്പെട്ടവർക്ക് സമ്പൂർണ സാമൂഹ്യ സുരക്ഷ പ്രദാനം ചെയ്തും, പരമ്പരാഗത മേഖലകളിലുള്ളവരുടെ ഉപജീവനമാർഗ്ഗം സംരക്ഷിച്ചും, പൊതുജന ആരോഗ്യവും വിദ്യാഭ്യാസവും ശക്തിപ്പെടുത്തിയും, പരിസ്ഥിതിസന്തുലനവും ലിംഗ സമത്വവും ഉറപ്പുവരുത്തിയും ഒരു നവ കേരളം സൃഷ്ടിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിനു വിഘാതമായി നിൽക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവിന്റെ വിജ്ഞാനവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് സാമ്പത്തിക സാമൂഹ്യ സുരക്ഷാഫണ്ട് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുവേണ്ടി സാമ്പത്തിക ഉപദേഷ്ടാവിന്റെ സഹായം തേടാൻ ധനകാര്യ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | സാമ്പത്തിക പ്രതിസന്ധി മൂലം പല വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്ന വേഗത്തിൽ പൂർത്തീകരിക്കുന്നതിനും വിഷമം നേരിടുന്നുണ്ട്.എന്നിരുന്നാലും അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും നികുതി പിരിവ് ഊർജിതമാക്കിയും അടിയന്തിര പ്രാധാന്യമുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് കഴിയുന്നുണ്ട്. അതുകൊണ്ടുതന്നെ നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക സാമൂഹ്യ സുരക്ഷാഫണ്ട് രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.എന്നാൽ പിന്നീട് ഇങ്ങനെയൊരു ഫണ്ടിന്റെ ആവശ്യം അനിവാര്യമായി വന്നാൽ അപ്പോൾ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.ഇത്തരം ഘട്ടങ്ങളിലും ധനകാര്യ ഉപദേഷ്ടാവിന്റെ അഭിപ്രായം കൂടി തേടുന്നതാണ്. |

സെക്ഷൻ ഓഫീസർ